# പതിനാലാം കേരള നിയമസഭ
# പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:893 — 04.03.2020-ലെ മറുപടി

## തിരുവനന്തപുരത്തെ ആദിവാസി ഊരുകളിൽ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഡി.കെ. മുരളി | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ആദിവാസി ഊരുകളിൽ കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിട്ടി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്ര രൂപ വീതമാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ പനവൂർ പഞ്ചായത്തിന്റെ എസ്.സി ഫണ്ടുപയോഗിച്ച്, ആദിവാസി ഊരുകളായ മരുതകം-പാണയം, പട്ടംവെട്ടി-മാമൂട് എന്നിവിടങ്ങളിൽ 3,18,701/- രൂപ (മൂന്ന ലക്ഷത്തി പതിനെട്ടായിരത്തി എഴുന്നൂറ്റിഒന്ന് രൂപ മാത്രം) മുടക്കി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിക്കാനുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ബി) | നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജോയിന്റ് പ്രോജക്ട് ഫണ്ടുപയോഗിച്ച് പനവൂർ പഞ്ചായത്തിലെ ആദിവാസി ഊരുകളായ വാഴമല-അജയപുരം, പാണയം-മരുതകം, മാമൂട് എന്നിവിടങ്ങളിൽ 13,75,174/- രൂപ (പതിമൂന്ന് ലക്ഷത്തി എഴുപത്തയ്യായിരത്തി ഒരുന്നൂറ്റി നാല് രൂപ മാത്രം) മുടക്കി പൈപ്പ് ലൈൻ ദീർഘിപ്പക്കൽ, കുടിവെള്ള കണക്ഷൻ നൽകൽ എന്നീ പ്രവൃത്തികൾ നടന്നു വരുന്നു. ഈപ്രവൃത്തികൾ 90% പൂർത്തീകരിച്ചു. |

സെക്ഷൻ ഓഫീസർ